വാർഷിക പദ്ധതികളും ചെലവുകളും

7 [9] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

,, എ. കെ. ബാലൻ:

ഡോ. തോമസ് ഐസക്:

ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 2005-2006-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണ്;

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പ്രസ്തുത വർഷത്തെ വാർഷിക അടങ്കൽ എത്രയായിരുന്നു;

(സി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിലെ പദ്ധതി അടങ്കൽ എത്ര വീതമായിരുന്നു; പ്രസ്തുത വർഷങ്ങളിലെ വാർഷിക പദ്ധതി തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ വാർഷിക പദ്ധതി തുകയിൽ എന്തു തുകവീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് പറയാമോ; ഇത് എത്ര ശതമാനംവീതമാണെന്ന് പറയാമോ;

(ഇ) ഓരോ വാർഷിക പദ്ധതിയിലും എന്ത് തുകവീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിൽ ഓരോ വർഷവും വികസനത്തിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ 2005-2006-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ 5369.81 കോടി രൂപയാണ്.

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ച 2005-2006-ലെ വാർഷിക അടങ്കൽ 5369 കോടി രൂപയ്ക്കുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

വർഷം	പദ്ധതി അടങ്കൽ (കോടി രൂപയിൽ)
2001-2002	3015.00
2002-2003	4026.00
2003-2004	4430.25
2004-2005	4800.00 +
	98.76 +
	1.67

(98.76 കോടി രൂപ ഒറ്റത്തവണയായുള്ള കേന്ദ്ര സഹായവും 1.67 കോടി രൂപ അധിക കേന്ദ്ര സഹായവും) വിഭവലഭ്യത പ്രതീക്ഷിച്ചത്ര മെച്ചപ്പെടാൻ സാധിക്കാതെവന്ന സാഹചര്യങ്ങളിൽ മേൽസൂചിപ്പിച്ച നാല് വാർഷിക പദ്ധതികളിലും വെട്ടിക്കുറവ് വരുത്തേണ്ടതായിവന്നിട്ടുണ്ട്.

(ഡി)

വർഷം	വെട്ടിക്കുറവ് വരുത്തിയ തുക (കോടി രൂപ)	ശതമാനം
2001-2002	755.00	25.0
2002-2003	601.00	14.9
2003-2004	634.02	14.3
2004-2005	986.86	20.1

(ഇ) ഓരോ വാർഷിക പദ്ധതിയിലും ചെലവഴിച്ച തുക താഴെ കൊടുത്തിരിക്കുന്നു:

വർഷം	ചെലവഴിച്ച തുക (കോടി രൂപയിൽ)
2001-2002	2531.00
2002-2003	3943.99
2003-2004	3617.63
2004-2005	3485.33*

*താൽക്കാലിക കണക്ക്

GPM. 2/564/2012—9

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുകളിൽ ചേർത്തിരിക്കുന്ന ഓരോ വർഷത്തിനുനേരെയും കാണിച്ചിരിക്കുന്ന തുക വികസനത്തിനായി ചെലവഴിച്ചതുതന്നെയാണ്. സ്റ്റേറ്റ്മെന്റ് അനുബന്ധമായി† ചേർത്തിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

8 [10] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

„ *ജി. കാർത്തികേയൻ:*

„ *ഇ. എം. അഗസ്തി:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കി വരുന്നു;

(ബി) ഇതിൽ കേന്ദ്രത്തിന്റെ പൂർണ്ണസഹായം ഉള്ളവയും പകുതി സഹായമുള്ളവയും 25% സഹായമുള്ളവയും എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് ഇപ്പോൾ എൻ.സി.ഡി.സി. സഹായമുള്ള പദ്ധതികൾ ഉൾപ്പെടെ 150 കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിൽ 78 പദ്ധതികൾ കേന്ദ്രത്തിന്റെ പൂർണ്ണ സഹായമുള്ളവയും 23 പദ്ധതികൾ 51 ശതമാനത്തിനും 99 ശതമാനത്തിനും ഇടയിൽ കേന്ദ്രസഹായം ലഭിക്കുന്നവയുമാണ്. മാത്രമല്ല, 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന 47 പദ്ധതികളും 50 ശതമാനത്തിൽ താഴെ കേന്ദ്രസഹായം ലഭിക്കുന്ന 2 പദ്ധതികളും നിലവിലുണ്ട്.

(സി) & (ഡി) പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

---

†അനുബന്ധം – V.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (9) കാണുക]

സ്റ്റേറ്റ്മെന്റ്

(തുക കോടിയിൽ)

വർഷം	അടങ്കൽ തുക	പുതുക്കിയ എസ്റ്റിമേറ്റ്	വെട്ടിക്കുറവ് വരുത്തിയ തുക	വെട്ടിക്കുറവ് (ശതമാനം)	വികസനത്തിനായി ചെലവഴിച്ച തുക
2001-2002	3015.00	2260.00	755.00	25.0	2531.00
2002-2003	4026.00	3425.00	601.00	14.9	3943.99
2003-2004	4430.25	3796.23	634.02	14.3	3617.63
2004-2005	4900.43	3913.57	986.86	20.1	3485.33*

*താൽക്കാലിക കണക്ക്

GPM. 2/564/2012—46

LIBRARY ARCHIVES Kerala Legislative Assembly